# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/35/2017 പത്രക്കുറിപ്പ് 2017 ഫെബ്രുവരി 16

**അപേക്ഷാതീയതി**

ഒന്നാം വർഷ ബി.പി.റ്റി (പുതിയ സ്കീം- 2008 മുതലുള്ള അഡ്മിഷൻ) സപ്ലിമെന്ററി ഡിഗ്രി പരീക്ഷകൾ മാർച്ച് 8 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഫെബ്രുവരി 22 വരെയും 50 രൂപ പിഴയോടെ 23 വരെയും 500 രൂപ സൂപ്പർഫൈനോടെ 25 വരെയും സ്വീകരിക്കും. അപേക്ഷകർ ഒരു പേപ്പറിനു 20 രൂപയും (പരമാവധി 100) സി.വി.ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം.

രണ്ടാം വർഷ ബി.പി.റ്റി (പുതിയ സ്കീം- 2008 മുതലുള്ള അഡ്മിഷൻ) സപ്ലിമെന്ററി ഡിഗ്രി പരീക്ഷകൾ മാർച്ച് 17 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഫെബ്രുവരി 27 വരെയും 50 രൂപ പിഴയോടെ 28 വരെയും 500 രൂപ സൂപ്പർഫൈനോടെ മാർച്ച് 2 വരെയും സ്വീകരിക്കും. അപേക്ഷകർ ഒരു പേപ്പറിനു 20 രൂപയും (പരമാവധി 100) സി.വി.ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം.

ഒന്നാം സെമസ്റ്റർ എം.എ.ജെ.എം.സി(2016 അഡ്മിഷൻ-റഗുലർ)/ഒന്നാം സെമസ്റ്റർ എം.സി.ജെ(2016 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ മാർച്ച് 7 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഫെബ്രുവരി 20 വരെയും 50 രൂപ പിഴയോടെ 21 വരെയും 500 രൂപ സൂപ്പർഫൈനോടെ 23 വരെയും സ്വീകരിക്കും.

ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസത്തിലെ മൂന്നാം സെമസ്റ്റർ എം.സി.ജെ (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ മാർച്ച് 3 ന് ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഫെബ്രുവരി 20 വരെയും 50 രൂപ പിഴയോടെ 21 വരെയും 500 രൂപ സൂപ്പർഫൈനോടെ 23 വരെയും സ്വീകരിക്കും.

**മേഴ്സിചാൻസ് പരീക്ഷ**

മൂന്നാം സെമസ്റ്റർ പി.ജി(നോൺ സി.എസ്.എസ്-2012ന് മുൻപുള്ള അഡ്മിഷൻ) അവസാന മേഴ്സി ചാൻസ് പരീക്ഷകൾക്ക് 10000 രൂപ സ്പെഷ്യൽ ഫീസടച്ച് ഫെബ്രുവരി 22 വരെ അപേക്ഷിക്കാവുന്നതാണ്.

**പ്രാക്ടിക്കൽപരീക്ഷ**

രണ്ടാം സെമസ്റ്റർ എം.എഡ്(സെപ്ഷ്യൽ എഡ്യൂക്കേഷൻ-ഐ.ഡി-ക്രഡിറ്റ് & സെമസ്റ്റർ) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ മാർച്ച് 3 മുതൽ മൂവാറ്റുപുഴ നിർമലസദൻ ട്രെയിനിങ്ങ് കോളേജ് ഫോർ സ്പെഷ്യൽ എഡ്യൂക്കേഷനിൽ വച്ച് നടത്തും.

രണ്ടാം സെമസ്റ്റർ ബി.എഡ് (സി.ബി.സി.എസ്.എസ് ഏക വർഷ പ്രോഗ്രാം റീ അഡ്മിഷൻ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ആലുവ സെന്റ് സേവ്യേഴ്സ് ട്രെയിനിങ്ങ് കോളേജിൽ വച്ച് ഫെബ്രുവരി 28ന് നടത്തും.

**പരീക്ഷാഫലം**

2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ സോഷ്യോളജി (സി.എസ്.എസ്-റഗുലർ/ ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. കോതമംഗലം മാർ അത്തനേഷ്യസ് കോളേജിലെ അഖില ജോൺസൺ ഒന്നാം സ്ഥാനവും, കോട്ടയം സി.എം.എസ് കോളേജിലെ റൊവേന ജോലേൻ കബ്രാൾ, ദിവ്യ. പി, എന്നിവർ യഥാക്രമം രണ്ട്, മൂന്ന് സ്ഥാനങ്ങളും നേടിസൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഫെബ്രുവരി 25 വരെ സ്വീകരിക്കും.

**എം.ജി നാടകോത്സവം ആരംഭിച്ചു**

എം.ജി. സർവ്വകലാശാല യൂണിയൻ നാടകോത്സവം പാഠകം 2017 ന് തിരിതെളിച്ചു. യൂണിയൻ ചെയർമാൻ അജയ്നാഥ് അദ്ധ്യക്ഷത വഹിച്ച സമ്മേളനം മാൻഹോൾ സിനിമയുടെ സംവിധായിക വിധു വിൻസെന്റ്

ഉദ്ഘാടനം ചെയ്തു.  വൈസ് ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണം നടത്തി.  ഡോ : ഷീന ഷുക്കൂർ, സിൻഡിക്കേറ്റംഗങ്ങളായ ടോമിച്ചൻ ജോസഫ്, പ്രഗാഷ്. ആർ, ആര്യാ രാജൻ,  ജില്ല പഞ്ചായത്തംഗം ബി. മഹേഷ്ചന്ദ്രൻ, അനീഷ്കുമാർ. എം, ശ്യാംലാൽ എന്നിവർ പങ്കെടുത്തു.

**അടിക്കുറിപ്പ്**

എം.ജി. സർവ്വകലാശാല യൂണിയൻ നാടകോത്സവത്തിന് സിനിമ സംവിധായിക  വിധു വിൻസെന്റ് തിരിതെളിയിക്കുന്നു.  സമീപംവൈസ് ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ, ഡോ : ഷീന ഷുക്കൂർ, ടോമിച്ചൻ ജോസഫ്, പ്രഗാഷ്. ആർ, ആര്യാ രാജൻ, ബി. മഹേഷ്ചന്ദ്രൻ, അനീഷ്കുമാർ. എം, ശ്യാംലാൽ

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**